# kerala private college teacher

No. 76 & 77

December'87 January'88

# അറിയിപ്പുകൾ

## മെമ്പർഷിപ്പ് വേഗം അയയ്ക്കുക

ഇതുവരെ മെമ്പർഷിപ്പ് പ്രവർത്തനം പൂർത്തിയാക്കാത്ത കോളേജുകളിൽ നിന്നും അടിയന്തിരമായി മെമ്പർഷിപ്പ് തുക പിരിച്ച് സംസ്ഥാന ട്രഷറർക്ക് അയച്ചുകൊടുക്കുന്ന കാര്യം ബ്രാഞ്ചുസെക്രട്ടറിമാർ ശ്രദ്ധിക്കണം. തുകയോടൊപ്പം കോളേജിലെ മെമ്പർഷിപ്പ് ലിസ്ററു കൂടി അയച്ചുകൊടുക്കണം.

ട്രഷററുടെ മേൽവിലാസം
പ്രൊഫ. എസ്. വിശ്വനാഥൻ
ട്രഷറർ, എ. കെ. പി. സി. ടി. എ.
ടി. സി 15/337, ശാന്തിഭവൻ
വെള്ളയമ്പലം, തിരുവനന്തപുരം.

## ജേർണൽ മാററർ

ജേർണലിൽ പ്രസിദ്ധീകരിക്കേണ്ട ലേഖനങ്ങൾ, കത്തുകൾ, ഫോട്ടോകൾ, ജില്ലാ-കോളേജ് വാർത്തകൾ തുടങ്ങിയവ താഴെ കൊടുത്തിരിക്കുന്ന മേൽവിലാസത്തിൽ അയക്കുക. കോളേജ് കൗൺസിൽ ഇലക്ഷൻ, സംഘടനയുമായി ബന്ധപ്പെട്ട മററു പ്രധാന വാർത്തകൾ മുതലായവ അയക്കുന്ന കാര്യം ബ്രാഞ്ചു സെക്രട്ടറിമാരും, ജില്ലാതല വാർത്തകൾ അയക്കുന്ന കാര്യം ജില്ലാ സെക്രട്ടറിമാരും പ്രത്യേകം ശ്രദ്ധിക്കണം.

## മേൽവിലാസം

പ്രൊഫ. കെ. സുകുമാരൻ നായർ,
നാറാണത്ത്, പിള്ളവീട് ലെയിൻ,
കേശവദാസപുരം, തിരുവനന്തപുരം-4.

## ജേർണൽ വരിസംഖ്യ

ഇനിയും ചില കോളേജുകളിൽ നിന്നും ജേർണൽ വരിസംഖ്യ അയച്ചുകൊടുത്തിട്ടില്ല. ചില കോളേജുകളിൽനിന്നും ഭാഗികമായിട്ട അയച്ചുകൊടുത്തിട്ടുള്ളു ജേർണൽ വരിസംഖ്യാ കുടിശിക എത്രയും പെട്ടെന്ന് മാനേജിംഗ് എഡിറററുടെ പേർക്ക് അയച്ചുകൊടുക്കണം.

മേൽവിലാസം
പ്രൊഫ. കെ. പി. ദിവാകരൻ നായർ,
ടി. സി. 3/1206, ലക്ഷ്മീനഗർ,
കേശവദാസപുരം, തിരുവനന്തപുരം-4.

# അഭ്യർത്ഥന

ഗാന്ധിജി യൂണിവേഴ്സിററി 68-ാം വകുപ്പുമായും, കേരള, കാലിക്കട്ട് യൂണിവേഴ്സിററി 64-ാം വകുപ്പുമായും ബന്ധപ്പെട്ട പല കേസുകളും ബഹു: കേരള ഹൈക്കോടതിയിൽ നിലനിൽക്കുന്നു. ഇനിയും പുതിയ കേസുകൾവരാനും സാദ്ധ്യതയുണ്ട്. കോർപ്പറേററ് മാനേജ്മെൻറിൻെറ കീഴിലുള്ള അധ്യാപകരുടെ സ്ഥലംമാററങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്തുന്ന ഈ വകുപ്പുകൾ പ്രാബല്യത്തിൽവരുത്തിനടപ്പിലാക്കണമെന്ന് സംഘടന ദീർഘകാലമായി ആവശ്യപ്പെട്ടുകൊണ്ടിരുന്നതാണ്. കേസുകൾ നടത്തിക്കൊണ്ടുപോകുന്നതിന് പണം ആവശ്യമാണ്. എല്ലാ അധ്യാപകരും, പ്രത്യേകിച്ച് കോർപ്പറേററ് മാനേജ്മെൻറിൻെറ കീഴിലുള്ള കോളേജുകളിലെ അധ്യാപകർ ഉദാരമായി സാമ്പത്തികസഹായം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

**പി. നരേന്ദ്രൻ**
ജനറൽ സെക്രട്ടറി

# പ്രത്യേക ശ്രദ്ധക്ക്

മാർച്ചിൽ നടക്കുന്ന തൃശൂർ സമ്മേളനത്തോടനുബന്ധിച്ച് നമ്മൾ പുറത്തിറക്കുന്ന പ്രൈവററ് കോളേജ് ടീച്ചറിൻെറ വാർഷികപ്പതിപ്പിലേക്ക്, ഓരോ ജില്ലയ്ക്കും കൊടുത്തിരിക്കുന്ന ക്വോട്ടാ അനുസരിച്ചുള്ള പരസ്യം ശേഖരിച്ച് എത്രയും പെട്ടെന്ന് മാനേജിംഗ് എഡിറററർക്ക് അയച്ചുകൊടുക്കുന്ന കാര്യം ജില്ലാ സെക്രട്ടറിമാരും, ബ്രാഞ്ച് സെക്രട്ടറിമാരും പ്രത്യേകം ശ്രദ്ധിക്കണം, നമ്മോടൊപ്പം സഞ്ചരിച്ച്, വഴിയിൽ വീണുപോയവരുടെ കുടുംബാംഗങ്ങളെ സഹായിക്കുവാനാണ് പരസ്യത്തിൽ നിന്നും കിട്ടുന്ന തുക മുഖ്യമായും ചെലവാക്കുന്നതെന്ന് അറിയാമല്ലോ. പരസ്യത്തിൻെറ ബ്രോഷർ ആവശ്യമുള്ളവർ മാനേജിംഗ് എഡിറററർക്ക് നേരിട്ടെഴുതുക.

**പി. നരേന്ദ്രൻ**
ജനറൽ സെക്രട്ടറി

മുഖക്കുറിപ്പ്

# സേവനസ്ഥിരത പരിരക്ഷിക്കണം

പ്രൈവററ് കോളേജ് അദ്ധ്യാപകരുടെ ദീർഘകാലത്തെ പ്രക്ഷോഭ സമരങ്ങളുടെ ഫലമായിട്ടാണ് കേരള, കാലിക്കട്ട് സർവ്വകലാശാലാ നിയമങ്ങളിൽ, അദ്ധ്യാപകരുടെ സേവനസ്ഥിരത ഉറപ്പുവരുത്തുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തിയത്. എന്നാൽ അവയിൽ ചിലത് കോടതിവിധി മൂലം ഇന്ന് നഷ്ടപ്പെട്ടിരിക്കുന്നു. കേരള, കാലിക്കട്ട് സർവ്വകലാശാലാ നിയമങ്ങളിലെ 57(6) വകുപ്പ്, (ഗാന്ധിജി സർവ്വകലാശാലാ നിയമത്തിലെ 59(6) തത്തുല്യമായ വകുപ്പാണ്) ഒരു പ്രൈവററ് കോളേജിൽ നിന്നും, കോഴ്സ് നിന്നുപോയതിനാലോ, അച്ചടക്ക നടപടികൾ ഒഴികെ മറ്റെന്തെങ്കിലും കാരണത്താലോ പിരിഞ്ഞുപോകേണ്ടിവരുന്ന ഒരദ്ധ്യാപകന് ഭാവിയിൽ വരുന്ന ഒഴിവിൽ നിയമനം ലഭിക്കുന്നതിന് മുൻഗണന കൊടുക്കണം എന്നാണ് അനുശാസിക്കുന്നത്. 1979ലെ കേരള യൂണിവേഴ്സിററി ഫസ്ററ് സ്ററാററ്യൂട്ട് രണ്ടാം ഖണ്ഡികയിൽ 23(2) വകുപ്പ് ഇതേ നിയമപരിരക്ഷ ഉൾക്കൊള്ളുന്നതാണ്.

ഇരിങ്ങാലക്കട സെൻറ് ജോസഫ്സ് കോളേജിൽ ലീവ് വേക്കൻസിയിൽ നിയമിക്കപ്പെട്ട ഒരദ്ധ്യാപിക, പിന്നീട് വന്ന സ്ഥിരം ഒഴിവിലേക്ക് തന്നെ മാററാതെ പുതിയൊരാളെ നിയമിച്ച മാനേജ്മെൻറിൻെറ നടപടിയെ ചോദ്യം ചെയ്തുകൊണ്ട് കേരള ഹൈക്കോടതിയെ സമീപിച്ചു. യൂണിവേഴ്സിററി ട്രിബ്യൂണലിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരവും, ക്വാസി ജുഡീഷ്യറി അധികാരം പ്രയോഗിക്കുന്ന സാഹചര്യത്തിൽ വൈസ്ചാൻസിലറിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരവും അനിയന്ത്രിതവും അപരിമിതവും ആണെന്നുള്ള നിലയിൽ ഭരണഘടനയുടെ 30(1) അനുച്ഛേദത്തിന് (ന്യൂനപക്ഷാവകാശം) വിരുദ്ധമാണെന്നു പറഞ്ഞ് ഹൈക്കോടതി കേസ് തള്ളിക്കളഞ്ഞു. ട്രിബ്യൂണലിൻെറയും, വി. സിയുടെയും അപരിമിതമായ അധികാരത്തെ നിയന്ത്രിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ ഉണ്ടാക്കണമെന്ന് കോടതിവിധിയുണ്ടായി. ആദ്യം നിയമിക്കപ്പെട്ട അധ്യാപകനെ ആദ്യം സ്ഥിരപ്പെടുത്തണമെന്ന ഈ വ്യവസ്ഥയുടെ അന്ത:സത്ത, നിയമപരമായി പൂർണ്ണമായും പരിരക്ഷിക്കപ്പെടണമെങ്കിൽ, കേരള എഡ്യൂക്കേഷൻ ആക്ടിലെ വ്യവസ്ഥകൾ ഉൾ

---

പത്രാധിപസമിതി

ചെയർമാൻ വി. നാരായണൻകുട്ടി, ചീഫ് എഡിററർ കെ. സുകുമാരൻ നായർ,
മാനേജിംഗ് എഡിററർ കെ. പി. ദിവാകരൻ നായർ,

അംഗങ്ങൾ

പി. നരേന്ദ്രൻ, എസ്. വിശ്വനാഥൻ, ടി. ഗോപാലകൃഷ്ണൻ, വി. എൻ. മുരളി,
നെല്ലിക്കൽ മുരളി, എൻ. എൻ. ആനന്ദൻ, ആർ. മോഹന കൈമ്മൾ,
ഡോ. എ. റസലുദീൻ, കവടിയാർ രാമചന്ദ്രൻ. തോമസ് ജോർജ്, ചന്ദ്രബാബു

പ്പെടുത്തി നിയമം ഭേദഗതി ചെയ്യണ മെന്ന് ജസ്ററീസ് സുബ്രഹ്മണ്യൻ പോററി വിധിച്ചു.

ഈ വിധിയെ തുടർന്ന് എ. കെ.പി. സി. ടി. എ. 1981 ൽ നായനാർ സർക്കാരിനു കൊടുത്ത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ, 57(6) വകുപ്പ് ഭേദഗതി ചെയ്തുകൊണ്ട് ഒരു ബില്ല് പ്രസിദ്ധപ്പെടുത്തി. പക്ഷേ ബില്ല് പാസ്സാക്കുന്നതിനു മുമ്പ് ആ സർക്കാരിനു പോകേണ്ടിവന്നു. പിന്നീട് വന്ന കരുണാകര സർക്കാരിനു മുമ്പിൽ ഈ ആവശ്യം ഉന്നയിച്ചു. ജില്ലാ കേന്ദ്രങ്ങളിൽ ധർണ നടത്തി; സെക്രട്ടറിയേററ് പടിക്കൽ 36 മണിക്കൂർ നിരാഹാര സത്യാഗ്രഹം നടത്തി; ഗാന്ധിജിസർവ്വകലാശാലാ നിയമത്തിൽ ഈ വകുപ്പ് ഭേദഗതി ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സെക്രട്ടറിയേററ് പടിക്കൽ അഖണ്ഡ നിരാഹാര സത്യഗ്രഹം നടത്തി. യാതൊരു പ്രയോജനവുമുണ്ടായില്ല.

ന്യൂനപക്ഷാവകാശത്തിന്റെ പേരിൽ, തൃശൂർ സി. എം. സി. മാനേജ്മെന്റ് വർഷംതോറും അധ്യാപകരെ പിരിച്ചുവിട്ടുകൊണ്ടിരിക്കുന്നു. അധ്യാപകരെ തിരിച്ചെടുക്കണമെന്ന് കാലിക്കട്ട് സർവ്വകലാശാല ആവശ്യപ്പെട്ടപ്പോൾ സി. എം. സി. മാനേജ്മെന്റ് ഹൈക്കോടതിയിൽ പോയി അവർക്കനുകൂലമായ വിധി വാങ്ങി. കാലിക്കട്ട് സർവ്വകലാശാല സുപ്രീം കോടതിയിൽ അപ്പീൽ കൊടുത്തിരിക്കുകയാണ്. തുരുത്തിക്കാട് കോളേജിലെ ശ്രീ. കെ. പി. മാത്യുവിന്റെ കേസ്സ് സുപ്രീം കോടതിയിൽ ഉണ്ട്. തളിപ്പറമ്പ, സർ സയദ് കോളേജിൽ ഈ ന്യായം പറഞ്ഞ് അധ്യാപകരെ പിരിച്ചുവിടാൻ മാനേജ്മെന്റ് ശ്രമിച്ചു. എ. കെ. പി. സി. ടി. എ യുടെ ശക്തമായ സമരപരിപാടികൾ മൂലം മാനേജർ പിൻവാങ്ങി.

1987 ൽ നായനാർ സർക്കാർ വന്നപ്പോൾ 57(6) വുപ്പു ഭേദഗതി ചെയ്ത് സേവന ഭദ്രത ഉറപ്പുവരുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് നമ്മൾ നിവേദനം കൊടുത്തു. അതിനുള്ള നടപടികൾ സ്വീകരിക്കാൻ സർക്കാർ നിർദ്ദേശവും കൊടുത്തു. പക്ഷേ ഇതുവരെ ആക്ട് ഭേദഗതി ചെയ്ത് ബില്ല് പ്രസിദ്ധപ്പെടുത്തിയില്ല. സ്വകാര്യ കോളേജ് അധ്യാപകർക്ക് സേവന സ്ഥിരത ഉണ്ടാക്കുവാൻ പ്രതിബദ്ധതയുള്ള ഈ സർക്കാർ എത്രയും പെട്ടെന്ന് നിയമ ഭേദഗതി ഓർഡിനൻസായി കൊണ്ടുവരണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

## വിവേചനം അവസാനിപ്പിക്കണം

മറെറല്ലാ വിഭാഗം ജീവനക്കാർക്കും, മെഡിക്കൽ ഗ്രൗണ്ടിലെടുക്കുന്ന ശമ്പളമില്ലാത്ത അവധി സർവ്വീസായി പരിഗണിക്കുമ്പോൾ സ്വകാര്യ കോളേജ് അധ്യാപകർക്ക് മാത്രം അത് അനുവദിച്ചിട്ടില്ല. ഇത് നഗ്നമായ വിവേചനമാണ്. അതുപോലെതന്നെ ഫാക്കൽടി ഇംപ്രൂവ്മെന്റ് പ്രോഗ്രാമിലല്ലാതെ, യു. ജി. സിയുടെ സ്കോളർഷിപ്പും, ഫെലോഷിപ്പും കിട്ടിയിട്ട് ഉന്നത വിദ്യാഭ്യാസത്തിന് പോകാൻ എടുക്കുന്ന അവധിക്കാലവും സർവ്വീസായി പരിഗണിക്കണം. ഈ കാലം ഡ്യൂട്ടി ലീവായി പരിഗണിക്കണമെന്ന് യു. ജി. സി. നിർദ്ദേശമുള്ളതാണ്. കഴിഞ്ഞ സംസ്ഥാന പേക്കമ്മീഷൻ ഇക്കാര്യം ശുപാർശ ചെയ്തിരുന്നതുമാണ്. ഇതിന്മേൽ അടിയന്തിരമായി സർക്കാർ ഉത്തരവുണ്ടാകണം.

# യു. ജി. സി. ഓഫീസറുടെ ക്രൂരകൃത്യങ്ങൾ

കോളേജിയേററ് ഡയറക്ടർ ഓഫീസിൽ യു. ജി. സി. ഓഫീസർ എന്നൊരു തസ്തിക ഉണ്ട്. ഫാക്കൽടി ഇംപ്രൂവ്മെൻറ് പ്രോഗ്രാം അനുസ്സരിച്ച്, എം. ഫിൽ, പി. എച്ച്. ഡി കോഴ്സുകൾക്കുപോകുന്ന അധ്യാപകരുമായി ബന്ധപ്പെട്ട ഫയലുകളാണ് ഈ ഓഫീസിന് കൈകാര്യം ചെയ്യാനുള്ളത്. ശൂന്യതയിൽ നിന്നും പ്രശ്നങ്ങൾ കണ്ടുപിടിക്കാനും, ഓഫീസ് നടപടിക്രമങ്ങളെ പരമാവധി സങ്കീർണ്ണമാക്കാനും പ്രത്യേക കഴിവുള്ള ഒരു പ്രൊഫസറാണ് ഇപ്പോൾ ആ തസ്തികയിലിരിക്കുന്നത്. ഇത്രയധികം നടപടി പരിഷ്കാര സർക്കുലറുകൾ ഇറക്കിയിട്ടുള്ള ഒരു ഓഫീസ് വേറേ ഉണ്ടെന്നുതോന്നുന്നില്ല. പഠിക്കാൻ വരുന്ന അധ്യാപകന് മാസങ്ങളോളം ശമ്പളം കിട്ടാതിരിക്കാനുള്ള എല്ലാ നടപടികളും ഒപ്പിച്ചെടുക്കാൻ ഈ ഓഫീസ് പ്രത്യേകം ശ്രദ്ധിക്കുന്നു. ഫാക്കൽടി ഇംപ്രൂവ്മെൻറ് എന്ന ലക്ഷ്യത്തെ തന്നെ തുരങ്കംവയ്ക്കുന്ന നയങ്ങളാണ് ഈ യു ജി. സി. ഓഫീസർ കൈക്കൊള്ളുന്നത്. പഠിക്കാൻ വരുന്ന അധ്യാപകന്, അതിനു സമയംകിട്ടുകയില്ല; ഓഫീസിൽ കയറിയിറങ്ങി നടന്ന് ശമ്പളക്കാര്യം ശരിയാക്കാനാണ് അധികസമയവും ചെലവഴിക്കേണ്ടിവരുന്നത്.

## റീഇംബേഴ്സ്മെൻറ് പ്രശ്നം

ഡപ്യൂട്ടേഷനിൽപോകുന്ന അധ്യാപകനു പകരം നിയമിക്കപ്പെടുന്ന ആളിൻെറ ശമ്പളം യഥാസമയം പ്രിൻസിപ്പാൾ 'ക്ളെയിം' ചെയ്യണമെന്നും, യു. ജി. സി യിൽ നിന്നും അത് വരുന്ന മുറക്ക് ഗവൺമെൻറിൽ അടക്കണമെന്നുമാണ് വ്യവസ്ഥ. എന്നാൽ പ്രിൻസിപ്പാൾ നേരത്തേയുള്ള 'റീഇംബേഴ്സ്മെൻറ്' നടത്തിയിട്ടില്ല എന്ന കാരണം പറഞ്ഞ് പലരുടെയും ഡപ്യൂട്ടേഷൻ അപേക്ഷകൾ മാസങ്ങളോളം വച്ച് താമസിപ്പിക്കുന്നു. ഇത്തരം സന്ദർഭങ്ങളിൽ യു. ജി. സി. ഓഫീസർ കാര്യങ്ങൾ തടസ്സപ്പെടുത്താൻ മൂന്നു സമ്പ്രദായങ്ങളാണ് സ്വീകരിക്കുന്നത്. ഒന്ന്, ദീർഘമായ ആമുഖക്കുറിപ്പ് എഴുതി അപേക്ഷ സെക്രട്ടറിയേററിൽ നിരസിക്കത്തക്കവിധം സംഗതികളെ കുഴച്ചുമറിക്കുന്നു. രണ്ട്, റീഇംബേഴ്സ്മെൻറ് പോലുള്ള വളരെ പ്രധാനപ്പെട്ട ഏതെങ്കിലും കടലാസ് മാററിക്കളയുന്നു. (പാലാസെൻറ് തോമസ് കോളേജിലെ മലയാളം അധ്യപകൻ ശ്രീ. ഗോപാലകൃഷ്ണൻ എക്സ്ററൻഷന് അപേക്ഷിച്ചപ്പോൾ ഇത്തരമൊരു വിദ്യയാണ് കാണിച്ചത്). മൂന്ന്, പരമാവധി കാലതാമസം വരുത്തി അപേക്ഷ ഫോർവേർഡ് ചെയ്യുന്നു. യു. ജി. സിയിൽ നിന്നും കിട്ടുന്ന പണം സർക്കാറിലടയ്ക്കാതെ ഏതെങ്കിലും പ്രിൻസിപ്പാൾ തിരിമറി നടത്തുന്നുണ്ടെങ്കിൽ അതിനെതിരെ നടപടികൾ സ്വീകരിക്കണം; അങ്ങനെയുള്ള കോളേജുകളിൽ നിന്നും അധ്യാപകരെ അയക്കരുതെന്ന് കോളേജിലേയ്ക്കും സർവകലാശാലയിലേയ്ക്കും നേരത്തെ എഴുതണം. എങ്കിൽ നിരപരാധിയായ അധ്യാപകൻ ദീർഘകാലം ശമ്പളം കിട്ടാതെ ബുദ്ധിമുട്ടുന്ന സ്ഥിതി ഉണ്ടാകുകയില്ല.

## ബോണ്ട്

ബോണ്ട്കൊടുക്കുക സാധാരണഗതിയിൽ വളരെ ലളിതമായ ഒരു നടപടിയാണല്ലോ. എന്നാൽ ഇതിനെ ഒരു മഹാകർമ്മമാക്കി യു. ജി. സി. ഓഫീസർ മാററിയിരിക്കയാണ്. 1986 ആദ്യം വരെ മുദ്രപ്പത്രത്തിലെ ബോണ്ട് മാത്രം മതിയായിരുന്നു; പിന്നെ അതിനൊരു ഡ്യൂപ്ളിക്കേററ് വേണമെന്നായി; ബോണ്ട് പ്രിൻസിപ്പാൾവഴി അയയ്ക്കണമെന്നാണ് ഇപ്പോഴത്തേ നിയമം. അധ്യാപകന് ശമ്പളം കിട്ടാൻ താമസമുണ്ടാക്കാമെന്നല്ലാതെ ഇതുകൊണ്ടാകെ സർക്കാറിന് എന്തുഗുണമാണ് ഉണ്ടാകാൻ പോകുന്നത്.

മാർജിൻ കുറഞ്ഞുപോയി, ഒരക്ഷരം ശരിക്കുതെളിഞ്ഞില്ല തുടങ്ങിയ നിസാരകാര്യങ്ങൾ പറഞ്ഞ് ബോണ്ട് നിരസിക്കുന്ന ഈ ഉദ്യോഗസ്ഥൻ, ബോണ്ട് പലവട്ടം കോളേജിലേയ്ക്ക് മടക്കി അയച്ച് കാലതാമസമുണ്ടാക്കി ആഹ്ളാ

(ശേഷം 29-ാംപേജിൽ)

# അയ്ഫക്ടോ ബറോഡാ സമ്മേളനം

## ഡിസംബർ 27, 28 തീയതികളിൽ

(പ്രൊഫ. നരേന്ദ്രൻ. ജനറൽ സെക്രട്ടറി എ. കെ. പി. സി. ടി. എ.)

ഐക്യം ഊട്ടിഉറപ്പിച്ച് ശക്തമാക്കുക, വർധിച്ച വീര്യത്തോടെ പുത്തൻ പോരാട്ടങ്ങൾക്ക് തയ്യാറാകുക, കരുത്തുററ ഒരു പ്രസ്ഥാനമായി അഖിലേന്ത്യാ ഫെഡറേഷനെ വളർത്തുക, എന്നീ ആഹ്വാനങ്ങളോടെയാണ് ഡിസംബർ 27–28 തീയതികളിൽ *ബറോഡയിൽ ചേർന്ന ''അയ്ഫക്ടോ'' സമ്മേളനത്തിന് തിരശീല വീണത്. അദ്ധ്യാപക സമൂഹത്തിനെതിരെ ഇന്ത്യൻ ഭരണാധികാരികളും ബ്യൂറോക്രസിയും ഉയർത്തുന്ന വെല്ലുവിളികൾ മറെറന്നത്തേക്കാളും ഇന്ന് അപകടകരമായ സ്ഥിതിയിലേക്ക് നീങ്ങിയിരിക്കുന്നു എന്ന വസ്തുത മറക്കുന്നത് ആത്മഹത്യാപരമായിരിക്കും എന്ന് സമ്മേളനം മുന്നറിയിപ്പ് നൽകി. പരിമിതികളുള്ളതെങ്കിലും അഖിലേന്ത്യാ സംഘടന ഇന്ന് കൂടുതൽ പ്രസക്തമാണെന്നും, യോജിച്ച് പോരാടുകയല്ലാതെ സംസ്ഥാനങ്ങളിൽ ഒററപ്പെട്ട സമരങ്ങൾവഴി അദ്ധ്യാപക സമൂഹത്തെ ലക്ഷ്യപ്രാപ്തിയിലെത്തിക്കാൻ കഴിയുകയില്ലെന്നും സമ്മേളനം വിലയിരുത്തി. Let us hang together-Lest we will be hanged seperately-ഇതായിരുന്നു സമ്മേളനത്തിൽ മുഴങ്ങിക്കേട്ട ശബ്ദം.

ആകെയുളള 131 അംഗസംഘടനകളിൽ നിന്നും 116 സംഘടനകളുടെ പ്രതിനിധികൾ സമ്മേളനത്തിൽ ഹാജരായിരുന്നു. അഖിലേന്ത്യാ സമരം അതിൻെറ ഉജ്ജ്വലഭാവത്തിൽ നിന്ന സെപ്തംബർ 4ന് അയ്ഫക്ടോ സെക്രട്ടേറിയററ് സമരം പിൻവലിച്ച നടപടിയെ ചുററിപ്പററിയുളള സംശയത്തിൻെറ കരിനിഴലിലാണ് സമ്മേളനം ആരംഭിച്ചത്. നിരാശയും ആരോടെന്നില്ലാത്ത പ്രതിഷേധവും, വിശ്വാസ രാഹിത്യവും പ്രതിനിധികളിൽ പ്രകടമായി തന്നേ പ്രതിഫലിച്ചിരുന്നു. ഒത്തുതീർപ്പിൽ അംഗീകരിച്ച പരിമിതമായ വിട്ടുവീഴ്ചകൾ ഉൾക്കൊളളിച്ചുകൊണ്ടുളള സർക്കാർ ഉത്തരവ് ഇനിയും പുറപ്പെടുവിച്ചിട്ടില്ല; സെപ്തംബർ 7 തീയതിവച്ച് നവംബറിൽ വകുപ്പ് സെക്രട്ടറി ശ്രീ. അനിൽബോഡിയെ പുറത്തിറക്കിയ ഡി. ഒ. ലററർ ആകട്ടെ ഒത്തുതീർപ്പു വ്യവസ്ഥകളുടെ നഗ്നമായ ലംഘനവും. കേന്ദ്ര സർവകലാശാലകളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും ഏററവും താഴെ പടവിലുളള ലക്ചറേഴ്സിന് മാത്രമാണ് പുതുക്കിയ നിരക്കുകൾ പ്രാബല്യത്തിൽ വരുത്തിയിട്ടുളളത്. ചുരുക്കത്തിൽ ഇന്ത്യയിലെമ്പാടുമുളള രണ്ടു ലക്ഷത്തിമുപ്പതിനായിരം സർവകലാശാല/കോളേജദ്ധ്യാപകരിൽ കൈവിരലിൽ എണ്ണാവുന്ന ചുരുക്കം ചിലർക്ക് മാത്രമാണ് 4-ാം യു. ജി. സി. ശമ്പളപരിഷ്കാരം നടപ്പാക്കിയിരിക്കുന്നതെന്ന നഗ്ന യാഥാർഥ്യം-അതും മുപ്പത്തിരണ്ട് ദിവസം നീണ്ടുനിന്ന ഐതിഹാസികമായ അഖിലേന്ത്യാ സമരത്താശേഷവും-ശക്തമായ വിമർശനത്തിനു കാരണമായി. അയ്ഫക്ടോയുടെ ചരിത്രത്തിൽ ഇന്നുവരെയുണ്ടാകാത്ത തരത്തിൽ അംഗഭംഗപ്പെട്ടതെന്ന് സ്വയം വിശേഷിപ്പിക്കപ്പെട്ട സെക്രട്ടേറിയററ് വിമർശനത്തിൻെറ കൂരമ്പുകളേററ് പിടഞ്ഞു. (അഖിലേന്ത്യാ ഫെഡറേഷൻെറ പ്രസിഡൻറ് പ്രൊഫ. തക്കേടത്തും; സെക്രട്ടറിമാരായ പ്രൊഫ. സത്യസദൻ ചക്രവർത്തി, പ്രൊഫ. എച്ച്. സി. നരാംഗ് എന്നിവരും രാജി വച്ചിരിക്കുകയാണ്, രാജി പിൻവലിക്കാൻ അവർ തയ്യാറായിട്ടുമില്ല).

ബീഹാർ, ഗുജറാത്ത്, തമിഴ്നാട്, ഒറീസ്സ, എന്നീ സംസ്ഥാനങ്ങളിൽ ഇതുവരെയും സമരകാലത്തെ ശമ്പളം നൽകിയില്ല. തമിഴ്നാട്ടിലെ എണ്ണൂറോളം അദ്ധ്യാപകർക്കെതിരെ ഗുരുതരമായ വകുപ്പുകൾ ചേർത്ത് ചാർജു ചെയ്തിട്ടുളള കേസുകൾ ഇനിയും പിൻവലിച്ചിട്ടില്ല. പത്തു വർഷം കഠിനതടവിനുവരെ ശിക്ഷിക്കാവുന്ന വകുപ്പുകളനുസരിച്ചാണ് കേസുകൾ ചാർജു ചെയ്തിരിക്കുന്നത്. ഒന്നിടവിട്ട ദിവസങ്ങളിൽ അവധിക്കു വയ്ക്കു

(ശേഷം 30-ാം പേജിൽ)

# സർ സയ്ദ് മാനേജർ അധ്യാപകദ്രോഹനയം തുടരുന്നു . . . .

സർവ്വകലാശാലാ നിയമങ്ങളും, നിർദ്ദേശങ്ങളും ധിക്കരിക്കുന്നതിലും, കള്ളക്കേസ്സുകൾ ഉണ്ടാക്കി അധ്യാപകരുടെ പേരിൽ ശിക്ഷണനടപടികൾ സ്വീകരിക്കുന്നതിലും കുപ്രസിദ്ധിയാർജ്ജിച്ചയാളാണ് സർ സയ്ദ് കോളേജ് കറസ്പോണ്ടൻറ്. ശ്രീ. ബി. കെ. എം. ഹബീബുള്ള അൻസാരി, ശ്രീ. സൈനുൽഹുക്ക്മാൻ, ശ്രീ. എ. പി. കുട്ടികൃഷ്ണൻ എന്നീ അധ്യാപകരുടെ പേരിലാണ് ഇപ്പോൾ കള്ളക്കേസ്സുകൾ ഉണ്ടാക്കി, നടപടിക്രമങ്ങൾ ആരംഭിച്ചിരിക്കുന്നത്. വിദ്യാർത്ഥികളുടെ തെരഞ്ഞെടുപ്പു രാഷ്ട്രീയവുമായി ബന്ധപ്പെട്ടു എന്നാണ് അധ്യാപകരുടെ പേരിലുള്ള ഒരാരോപണം. കേരളത്തിലെ ഒട്ടുമിക്ക പ്രൈവററ് കോളേജ് മാനേജുമെൻറുകളും വിഭാഗീയ രാഷ്ട്രീയത്തിൻെറ ശക്തി കേന്ദ്രങ്ങളാണെന്ന് ആർക്കാണറിഞ്ഞുകൂടാത്തത്. തങ്ങളുടെ രാഷ്ട്രീയാഭിപ്രായമനുസരിച്ച് പ്രവർത്തിക്കാൻ വിസമ്മതിക്കുന്ന അധ്യാപകരെ ശിക്ഷിക്കാൻ, തങ്ങൾക്കിഷ്ടമില്ലാത്ത ഏതെങ്കിലും വിദ്യാർത്ഥി രാഷ്ട്രീയവുമായി അധ്യാപകനെ ബന്ധപ്പെടുത്തി കുററാരോപണം നടത്തുക എന്നത്, ഈ മാനേജ്മെൻറുകളുടെ ഒരു സ്ഥിരം ഫോർമുലയാണ്.

പ്രിൻസിപ്പാളിൻെറ സമ്മതപ്രകാരം വിദ്യാർത്ഥികളോടൊപ്പം സ്ററഡിടൂർ പോയത് അനധികൃതമാണെന്ന് ശ്രീ. കുട്ടിക്കൃഷ്ണൻെറ പേരിൽ മറെറാരു കുററാരോപണവുമുണ്ട്. ശ്രീ. കുട്ടിക്കൃഷ്ണൻ ടൂറിന് പോയത് കുററമാണെങ്കിൽ, ശ്രീമതി ബീബി റസീന എന്ന അധ്യാപിക ടൂറിന് പോകാതിരുന്നതാണ് കുററം. അസുഖംമൂലം ടൂറിന് പോകാൻ പററില്ലെന്ന് വകുപ്പ്മേധാവിയെ മുൻകൂട്ടി അറിയിച്ച് സമ്മതം വാങ്ങിയിരുന്നെങ്കിലും, ഇപ്പോൾ അത് കർത്തവ്യ വിലോപമായികാണിച്ച് മാനേജർ സമാധാനം ചോദിച്ചിരിക്കയാണ്. അവധിയിൽ പ്രവേശിച്ചിരിക്കുന്ന ശ്രീ. അൻസാരി കോളേജ് കാമ്പസിൽ പ്രവേശിക്കണമെങ്കിൽ പ്രിൻസിപ്പാളിൻെറ മുൻകൂട്ടിയുള്ള അനുവാദം വാങ്ങിച്ചിരിക്കണമെന്ന് നിരോധനാജ്ഞ പുറപ്പെടുവിച്ചിരിക്കുകയാണ് !

1979 മുതൽ തന്നെ നിയമാനുസൃതം നിയമിക്കപ്പെട്ട സുവോളജി അധ്യാപകനായ ശ്രീ. അൻസാരിയെ ലീവ്വേക്കൻസിയിലേയ്ക്കുമാററിയിട്ട്, സ്ഥിരം വേക്കൻസിയിലേക്ക് പുതിയ നിയമനം നടത്തുവാൻ ഈ മാനേജ്മെൻറ് നേരത്തെ ഒരു ശ്രമം നടത്തിയിരുന്നു. എ. കെ. പി. സി. ടി. എ യുടെ ശക്തമായ സമരാഹ്വാനത്തിനു മുമ്പിൽ മാനേജ്മെൻറിന് അതിൽ നിന്നും പിന്തിരിയേണ്ടിവന്നു- ശ്രീ. കുട്ടികൃഷ്ണൻെറ പ്രൊബേഷൻെറ കാര്യം പറയാൻ ഒരിക്കൽ കറസ്പോണ്ടൻറിനെ സമീപിച്ചപ്പോൾ, അദ്ദേഹം അപമര്യാദയായി പെരുമാറിയ ചരിത്രവുമുണ്ട്. ഈ മാനേജരുടെ അധ്യാപകവിരുദ്ധ നടപടികളിൽ അയഫക്ടോ വൈസ് പ്രസിഡൻറ് പ്രൊഫ. ടി. വി. ബാലനും, കണ്ണൂർ ജില്ലാ സെക്രട്ടറി പ്രൊഫ. ഈ ദാമോദരനും ശക്തിയായ പ്രതിഷേധം രേഖപ്പെടുത്തിയിരുന്നു. പ്രിൻസിപ്പാൾ തസ്തികയിൽ സ്ഥിരമാകാൻ വേണ്ടി, ഇപ്പോഴത്തെ പ്രിൻസിപ്പാൾ കറസ്പോണ്ടൻറിൻെറ വിനീത ദാസനായി മാറിയിരിക്കയാണ്.

സർ സയ്ദ്കോളേജ് മാനേജ്മെൻറ് അധ്യാപക വിരുദ്ധ നടപടികളിൽ നിന്നും പിൻമാറിയില്ലെങ്കിൽ, സംഘടനയ്ക്ക് ശക്തമായ സമരമാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടിവരും. ജനുവരി 3-ാം തീയതി എർണാകുളത്തു കൂടിയ വർക്കിംഗ്കമ്മററി പ്രശ്നങ്ങളുടെ വിവിധ വശങ്ങൾ ചർച്ച ചെയ്തു.

# വാർത്തകൾ

## പാലക്കാട് ജില്ല

എ. കെ. പി. സി. ടി. എ പാലക്കാട് ജില്ലാ കൗൺസിൽ യോഗം ഡിസംബർ 9ന് ചേർന്നു. ഇനിയും മെമ്പർഷിപ്പ് പൂർത്തിയാകാത്ത യൂണിറ്റുകളിൽ നിന്നും, തുക പിരിച്ച് അടിയന്തിരമായി സംസ്ഥാന ട്രഷറർക്ക് അയച്ചുകൊടുക്കാൻ തീരുമാനിച്ചു. യു. ജി. സി ശമ്പളനിരക്കുകൾ കേരളത്തിൽ നടപ്പിലാക്കികിട്ടുന്നതിനാവശ്യമായ പ്രക്ഷോഭണവുമായി മുന്നോട്ടു പോകുന്നതിന് യോജ്യമായ നടപടികൾ ആസൂത്രണം ചെയ്യണമെന്ന് സംസ്ഥാന പ്രവർത്തകസമിതിയോട് യോഗം അഭ്യർത്ഥിച്ചു, അധ്യാപകരുടെ ശമ്പള ബില്ലുകൾ പാസ്സാക്കുന്നതിൽ തൃശൂർ ഡെപ്യൂട്ടി ഡയറക്ടർ കാണിക്കുന്ന അനാസ്ഥയിൽ യോഗം ശക്തിയായി പ്രതിഷേധിച്ചു, കോർപ്പറേററ് മാനേജ്മെൻറുകളുടെ പരിധിയിലുള്ള അധ്യാപകരുടെ സ്ഥലം മാററങ്ങൾ നിയന്ത്രിക്കുന്നതിന് വേണ്ടി സംഘടനകൈക്കൊണ്ടിട്ടുള്ള നടപടിയെ യോഗം വിലയിരുത്തി, ഇതിനുവേണ്ട പ്രക്ഷോഭപരിപാടികൾ കൂടി സ്വീകരിക്കണമെന്ന് അഭിപ്രായപ്പെട്ടു, കേരള പ്രൈവററ് കോളേജ് ടീച്ചറിൻെറ വാർഷികപ്പതിപ്പിലേക്ക് വേണ്ട പരസ്യം ശേഖരിക്കുന്നതിനും, കഴിയുന്നത്ര അംഗങ്ങളെക്കൊണ്ട് ഡയറി വാങ്ങിപ്പിക്കുന്നതിനും തീരുമാനമെടുത്തു.

യോഗത്തിൽ പ്രൊഫ. എൻ. ശിവരാജൻ അധ്യക്ഷതവഹിച്ചു. ജില്ലാസെക്രട്ടറി ഡോ. പി. എസ്. പണിക്കർ റിപ്പോർട്ട് അവതരിപ്പിച്ചു. പ്രൊ. കെ. വിജയശങ്കർ, പ്രൊഫ. എ. സേതുമാധവൻ, എസ്, സുധീഷ്, കെ. പി. മത്തായി പ്രൊഫ. വി. എൻ. മുരളി, എ. ടി. ചെറിയാൻ, ജി. വി. അപ്പുക്കുട്ടൻ നായർ, കെ. ജനാർദ്ദനൻ, പ്രൊഫ. ജി. ഭാസ്കരൻ തുടങ്ങിയവർ സംസാരിച്ചു.,

## സെൻറ്പോൾസ് കോളേജ്, കളമശ്ശേരി

കളമശ്ശേരി സെൻറ് പോൾസ് കോളേജ് യൂണിററ് യോഗം നവമ്പർ 26 ന് നടന്നു. ഗാന്ധിജിയൂണിവേഴ്സിററിയുടെ ഫല പ്രഖ്യാപനത്തിൽ വരുന്ന കാലതാമസത്തിൽ ഉത്കണ്ഠ രേഖപ്പെടുത്തി. ഏപ്രിൽ-മേയ് മാസങ്ങളിൽ നടന്ന പല പരീക്ഷകളുടെയും ഉത്തരക്കടലാസ്സുകൾ അഞ്ചും, ആറും മാസങ്ങൾക്കുശേഷമാണ് മൂല്യപരിശോധനയ്ക്കായി അധ്യാപകർക്കു ലഭിച്ചത്. ഇതിൽ യോഗം അസംതൃപ്തി രേഖപ്പെടുത്തി. പരീക്ഷാജോലികളുടെ പ്രതിഫലം നൽകുന്നതിൽ വരുത്തുന്ന കാലതാമസം ഒഴിവാക്കണമെന്നും, മെസഞ്ചർ ചാർജ് നിരസിക്കുന്ന പ്രവണത അവസാനിപ്പിക്കണമെന്നും യോഗം അഭ്യർത്ഥിച്ചു. യോഗത്തിൽ പ്രൊഫ. കെ. ഇ. എബ്രാഹം അധ്യക്ഷതവഹിച്ചു. ബ്രാഞ്ച് സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു. ശ്രീ. ജോർജ്ജ് കെ. ജോൺ കൃതജ്ഞത രേഖപ്പെടുത്തി.

# കോളേജ് കൗൺസിൽ തെരഞ്ഞെടുപ്പ്

## എൻ. എസ്. എസ്. കോളേജ് മട്ടന്നൂർ

മട്ടന്നൂർ എൻ. എസ്. എസ് കോളേജ് കൗൺസിലിലേയ്ക്ക് എ. കെ. പി. സി. ടി. എ. സ്ഥാനാർത്ഥികളായ ശ്രീ എൻ. ഗോപാലകൃഷ്ണൻ നായർ, ശ്രീ എ. പ്രതാപചന്ദ്രൻ നായർ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. എതിർ പാനലിൽ നിന്ന എം. ആർ. സി. ഡി. സി. എസ്. എ സ്ഥാനാർഥികളെ ദയനീയമായി പരാജയപ്പെടുത്തിക്കൊണ്ടാണ് എ. കെ. പി. സി. ടി. എ വിജയം നേടിയത്.

## എസ്. എൻ. കോളേജ് നാട്ടിക

നാട്ടിക എസ്. എൻ. കോളേജ് കൗൺസിലിലേയ്ക്ക് പ്രൊഫ. കെ. പി. കൃഷ്ണൻ (കെമിസ്ട്രി) തെരഞ്ഞെടുക്കപ്പെട്ടു. എം. ആർ. സി. സംഘത്തിൻെറ സ്ഥാനാർത്ഥിയാണ് ഇവിടെ പരാജയപ്പെട്ടത്.

## ദേവസ്വം ബോർഡ് കോളേജ്, തലയോലപ്പറമ്പ്

തലയോലപ്പറമ്പ് ദേവസ്വം ബോർഡ് കോളേജ് കൗൺസിലിലേയ്ക്ക് നടന്ന തെരഞ്ഞെടു,

(ശേഷം 28-ാം പേജിൽ)

# Review Report of the all India indefinite strike

The first ever all India indefinite strike of university and college teachers at the call of AIFUCTO which continued from 4th August to 4th September 1987 has been a unique event in the history of democratic movement of our country. In terms of duration it has been the longest of all the all-India strikes. By its geographical spread and number of institutions and departments, variety of management and governmental authorities too it was unique. In terms of percentage of strikers among eligible work-men also this strike was certainly among the most popular and successful. The strike received significant support from the print media, public-men and legislators. In both the houses of Parliament when the strike was debated legislators belonging to both the treasury and opposition benches demanded an amicable settlement of the strike through negotiation and mutual accomodation. Yet the attitude of the union goverment against which was directed the main thrust of the strike was extremely adamant and unhelpful. Almost till the end the government bluntly refused even to meet the AIFUCTO leaders until the strike was called off. Before analysis and evaluation of the strike and its conclusion let us brieffy recount the way it started and proceeded.

**The Background:**

Mehrotra Committee was set up in December, 1983 when leadership of AIFUCTO was staging a three day Dharna in front of parliament demanding immediate pay-revision of university and college teachers. AIFUCTO demanded that at least one representative of AIFUCTO should be included in this committee. Unfortunatly this demand was not conceded. Mehrotra committee took a very long time to complete its work. Apart from making its submission before this committee AIFUCTO fought for immediate submission of the report. Even after its submission to the UGC in May '86 Mehrotra Committee report was not made public for months and AIFUCTO had to conduct nation-wide movement in various forms culminating in mass civil disobedience in Delhi in 4th December, 1986. After a copy of the report was placed in the library of parliament. AIFUCTO published it long before it was published by the U. G. C.

The national executive committee in its meeting held at Agra on 24-1-'87 studied the report. The collective evaluation of the report made by the executive committee was published in Teachers' Movement Vol. VII No. 3. While welcoming the few good recommendations, it pointed out several serious negative features and demanded their removal by the government. However the government was in no mood to listen to AIFUCTO and even a meeting was not possible. Consequently when the national executive committee met at Ahmedabad on 23rd March, 1987, a decission was taken to

launch an all-India indefinite strike from August 1987. All state and university level units of AIFUCTO were asked to convene their own general council/general body meetings and get their opinion about this movement programme. The first meeting with the representatives of the government of India took place in April 1987 when we were having a 3 day dharna in front of Shastri Bhavan, The XIV th statutory conference of AIFUCTO held at Bombay endorsed the earlier decision of AIFUCTO executive committee and 4th August was decided as the historic day to begin the all-India indefinite strike, All constituent units of AIFUCTO endorsed this decision and the conference also unanimously resolved to go for the indefinite strike.

On 10th, 11th and 12th June, 1987 AIFUCTO secretariat had a meeting with representatives of the U. G. C. and the government of India. The representatives of the AIFUCTO argued for modifications on the following issues- (1) national qualifying test (2) period of probation (3) need for extending salary revision to +2 teachers in degree colleges (4) payscales for demonstrators and tutors (5) multiplicity of scales and designations (6) Quantum and rates of increment in pay and allowances, (7) qualifications for teachers (8) in-service training and orientation (9) principles of fixation (10) code of conduct (11) Evaluation of teachers. (12) grievence removal machinery and (13) simultaneous implementation of revised pay structure all over the country. During discussion we could make the government modify its position to the advantage of teachers on certain issues while on other points no progress could be made. The report of this discussion was communicated to all our units through our circular dated 15-6-1987.

The government of India finished its scheme of pay-revision on 17th June 1987. This scheme was an improvement over the earlier position of Mehrotra Committee on following points:- 1) Code of conduct, evaluation of performance of teachers and grievence removal machinery were not sought to be unilaterally imposed but left to the U G C to finalise later on in consultation with AIFUCTO (Later on a task force for this purpose has been constituted) 2) Demonstrators and Tutors were given a revised scale (3) National qualifying test was replaced by a suitable test for recruitment of teachers (It was later clarified that such tests were to be conducted at the state level) (4) Some of the stringent requirement for promotion to Sr. and Selection grade Lecturerships regarding qualifications and in-service training programmes were relaxed. However on other points the government refused to meet our demands.

On 17th July a delegation of AIFUCTO met the Union minister of H.R.D. and requested him to meet the three most important demands regarding (a) reduction in number of grades (b) continuance and extension of the existing promotion schemes and (c) simultaneous implimentation of the revised grades in all states and the centre. The minister refused to consider any of our points at that stage. The national executive committee meeting at Surat held on 19-7-87 gave the final go-ahead for the strike and it began on 4-8-87.

**Charter of Demands:**

The decision to launch the strike was taken even before finalising a concrete and detailed charter of demand. We were content with pointing out the various negative features and shortcomings of Mehrotra Committee Report and demanded

their removal. However the national executive committee in its meeting held at Surat considered a detailed critique of the [illegible] June scheme of pay-revision on the basis of which a list of demands was prepared which was circulated through our C-12/87 dated 22-7-87 and the same was presented to the government.

**Promotional facilities :-**

Many of our state and University units during this period fought for and won for their members various promotional schemes. Merit promotion scheme as introduced by the U. G. C. in 1983 with various local modification was in operation in 81 Universities including central Universities. In Karnataka and Orissa for college teachers an old scheme of promotion from Lecturership to Readership was in vogue. Bihar had a unique promotion scheme covering teachers of both colleges and universities. College teachers in U.P. and Delhi had a merit promotion scheme from Lecturship to selection Grade Lecturership and Lecturership in Reader's grade. And ofcourse the rest of the college teachers of India had no pormotional opportunities. The 17th June govt. order completely did away with promotional facilities to Readership and Professorship. This amounted to unilaterally taking away an important existing benefit and in our press conference held in Delhi on 15-6-87 we strongly criticised the position of the govt. of India. Besides, realising that qualifications permissible quota and minimum requisite experience being different in different states and universities, we formulated our demands as continuance and extension of existing promotional facilities.

**Organisational aspects of the Strike :**

It was for the first time that AIFUCTO issued circulars directly to all universities and colleges. In all we issued 5 circulars entitled "extraordinary" mid-strike circulars. We also published two posters, organised its posting centrally in Delhi. The first poster was mailed to colleges & universities all over the country.

While strike was generally successful all over the country there were some states where teachers could not go on strike for various reasons—Karnataka, A. P., Kashmir and Himachal Pradesh are the states where college teachers were not on strike. In Himachal Pradesh and Jammu & Kashmir University teacher, however were on strike. In some other states university teachers also did not join the strike. However in Assam, Orissa, Karnataka teachers observed strike although not for indefinite period. Support for the strike was however total.

Office bearers of AIFUCTO visited several states, addressed teachers rallies and press conferences during this period. Press conferences were held & press releases were issued regularly. Leaflets and pamphlets were issued in English and other national languages. AIFUCTO office itself received more than one hundred such publications. Naturally total number of copies of them would exceed several lakhs.

The demonstration of 19th August, 1987 was an unprecedented success If any body had some doubt about the popular support of our members for the movement the domonstration surely removed that.

The court arrest programme of 31st Aug , 1st Sept., as also mass signature campaign on a petition to the Prime Minister in favour of a negotiated settlement also were a big success.

**Support from Political parties and Public Men:**

AIFUCTO organised two public conventions in Delhi, similar conventions were organised not only in different state capitals and university centres but in hundreds of big and small places. Leaders of different political parties. Trade Unions, Teachers' organisations of other sectors, legislator and even ministers extended their support in favour of our movement. At one stage the entire opposition in Lok Sabha staged walk out demanding that the govt. must initiate the process of negotiated settlement.

**Attitude of the Govt.**

Inspite of all this popular support for our movement the attitude of the union government was extremely stiff and unsympathetic. Mr. Narasimha Rao, Union minister of H. R. D almost till the last refused to sit with the leaders of the striking teachers and demanded that even before any discussion. A I F U C T O must call off the strike.

The first sign of a change in governmental attitude was noticed on 1st September midnight when the government made an offer that they would be willing to renegotiate on all the points raised by us and that on the basis of a formal invitation from the government extended to AIFUCTO would call off the strike. This offer was rejected by AIFUCTO. We demanded specific commitment of the government on at least the major points.

**Negotiation of 4th September, and thereafter**

On the basis of certain points on which the government representatives indicated their preparedness to negotiate a fresh round of discussion began at the office of the UGC between the secretariate of AIFUCTO and the representatives of the government of India. The points on which the government could be made to concede our demands partly or fully may be listed here. (Unfortunately in spite of our last efforts the government of India has failed to come out with a definite government order confirming the points on which there has been agreement as a result of discussion on 4th September and subsequently. The Union education secretary issued a D. O. letter on 7th September covered some of these points of agreement and left some other vital points. In our discussion held most recently the officials have again confirmed that all the points of commitment made to AIFUCTO would be honoured. However there is no doubt that unparadonable procrastination on the part of the government has been creating uncertainty and unrest in the minds of the teachers)

1) The government agreed to reduce the number of grades from the proposed 7 to now 4.

2) Promotion upto Readers made available to all deserving teachers in all colleges and universities without any restriction of quota or number of posts. The period of service required for promotion was reduced from 20 years to 16 years

3) Teachers who may not possess qualifications and research experience required for Readers would be entitled to Readers' grade without designation.

4) Teachers of agricultural universities will have their payscales revised on similar terms and conditions as in other universities. (AIFUCTO leaders had discussion with Union Agreculture Minister

continued on page 23

# The Teachers and Education Bureaucracy in India

G. H. HANULANI
(Maharashtra College)

The education in India has been passing through a turmoil ever since independence. The only reason one can find under the main currents of all these troubles that we have been experiencing in this field is perhaps the education bureaucracy in India.

Our education bureaucracy is unfortunately very short sighted, narrow minded and jealous against the teaching community. It is miser when it advises the Government to pay the teachers, they are shrurd when they extract work from the teachers as examiners paper setters or supervisors, they are indifferent when the teachers generously need their attention in the matters like payment of salaries, pentions or other dues. Thus the teachers are neglected to the extent of their disappointment, frustration and even an insult. As an Indian I often wonder as to how can the education bureaucracy afford to practice such an attitude and patterns of behaviour towards the teachers and their profession, when the Indian traditions have always hold the teachers at high esteem and given them a high place in the society. But such high values and standards have not been completely wiped out from the world, though they have been from India. In Germany, they say, the teachers are paid high regards. When a Professor comes the Prime Minister gets up to respect, but vice-versa is not necessary unless the Prime-Minister is also a Professor. In Russia it is said that the teachers are sent to hill stations at Government expenses during the vacations. Similar is the case in other countries. In Arabian contries like Kuwait, Saudi and other States the teachers are provided with Government transport to and from their schools or colleges However we the teachers cannot drawn for all this, as it will be surely considered as Shaikh Chilli's dream. Now we want to dream like a Shaike Chilli. What all the teachers in India want is that they be given just and fair treatment to their profession;. a better service terms and conditions of their services; so that a teacher can live with self respect and confidence; so tha they can give their best to the student community; so that they can communicate well and with confidence across the class room. A frustrated mind cannot communicate nor can it give its best.

It has to be noted regretfully that our present education administration is not at all satisfactory due to which no favourable intellectual climate has yet been created. The Indian intellectualism is struggling for life at the death point. The bureaucrats in the education administration perhaps do not realize this.

They are the I A S Officers who consider education administration like any other administration. In fact, education administration is different from all other types of administrations. It is a matter of human process very much influenced and controlled by various other factors. It is essentially concerned with the development of human personality from childhood to manhood. Education enriches life and helps the individual to fulfill his personality. It is an activity which has a value in it and by itself. The task of the education is to build the intellectual faculties, and create proper social and intellectual climate of inventiveness adventure and social aspirations, In developing nations like India this task has yet a greater significance. Development without proper education is not possible. The latest researches have shown that the large part of national income growth in the industrialised nations is not possible without education. In the country like India where there is swift social changes, population explosion fast developing economics and enormous requriements of manpower, the importance of education has increased. Therefore, it has become essential to organise education rationally and systematically for the challenging years that are arriving with the future. It is in view of this situation that we need a dynamic education administration, It has to be modernised as well as remain within the frame work of our philosophy and tradition. It is here that our educational bureaucrats have failed to guide our Government in the proper direction. They forget that education administration is not merely the political philosophy but other branches of knowledge like psychology, ethics, sociology etc. which determine the process most useful for individuals in general and to the development in particular.

When compared to the requirements of a healthy education administration our education bureaucracy certainly fails to cope with the challenge of the time, and as such the system is near collaps and giving way to chaos and confusion.

The current tempo of education administration has been inadequate and falls short to cope with the problems of our education. Lot of patch works are done only to decieve ourselves. Some policies made at random to expand the general education only to swell the number of educated unemployed and professional education has not been closely linked to the manpower requirements. The quantitative achievements have been obtained at the cost of quality of education. Our education strives to secure a harmonious development of human personality which do need policies on long term basis which we donot have. The presence of vested interests and reactionary forces opposed to radical educational reforms create further problems for the education. The absence of adequate research, evaluation and training, the paucity of funds for education, and various other problems of education are such that can find solution only if our education bureaucracy is enlgihtened farsighted, secular and seriously involved in country's development. This requires a radical reform of the educational administration.

Besides the above problems, there is a special problem in the education of India which has been ignored all these years. And that is the relation between the education bureaucracy and the teachers.

The teacher is the most ignored and often the harrass d person on the scene of our education. His service terms and conditions are such that there is no secu rity economic or social for him. He walk under the shadows of uncertanty and unrecognization. There are no sets of rules to govern his services. Educational legislation is all confused and mixed up and scattered in number of places.

There is no clear cut set of rules under which the salary fixation, norms of promotions, seniority and other service conditions can be determined in respect of a teacher. There has been no streamlining of work for calculation and payment of pension, to a teacher. In many cases it has been observed that a teacher after his retirement, indefinitely waits for his pension, and ultimately his death is seen faster than the pension. In spite of several such sad incidents the bureaucracy is indifferent and take its own time to work out the pension for the retired teacher. According to me such indifference is worst than a crime. Even the regular salaries of the teachers, particularly the Junior College Teachers are delayed abnormally for the slightest excuse For example this year, the salary of March 1987 was not made to the teachers till the end of April 1987 and in some cases even beyond that. This sort of mismanagement and irregularity frustrates the teacher who like any other salaried person depends on his meagre salary.

As if this is not enough, now they think of introducing a statutory provision for a code of conduct for teachers. This tends to mean as if the conduct of teachers alone is to blame for the ills of education in the country. Such measure if implemented will give a clear-cl it to educational legislators, planners, administrators and others in exploiting the teachers to greater extent of possibility. More painful than this is the contents of the code of conduct. These contents enumerate, offences such as 'theft' 'fraud' 'drunkenness', 'disorderly and indecent behaviour' 'moral turpitude' 'taking and giving bribe' 'tampering with official records' 'damage to property' and so on. All this reads more like a penal code for 'habitual criminals' rather than a code of conduct for nation's builders and educators. The committee responsible to draft these provisions perhaps thinks that the Indian Penal Code dosenot apply to teachers. Or it sees teachers as such habitual offenders that they need to be sternly warned about the provisions of law time and again. The currect analysis of such a measure shows that the 'code of conduct is used as a card to play against the teachers' demand for revision of pay scale. The education commission in 1968 and the sen commission in 1973 had recommended the pay revision for teachers every five years. But nothing of the kind has been done since 1973. Instead of it bargains with teachers and say that teachers' conduct does not matter in itself so long as they do not seek any revision in their pay.

Now if this is the tendency of our educational administrator how can the education progress. So long as the Baba mentality exists in our education bureaucracy, so long as the prejudices, short sightednsss, regionalism and communalism exist in our education administration it is really difficult to overcome these problems.

Another important laps on the part of the education administrators is the creation of another level within the

secendary education after the high school education. The creation of + 2 level has also created many new problems. According to me this stage is intellectually superflous, Psychologicallp ill advised and structurally unwarranted. In other countries this system might have been successful because of their own capacity and facilities. Intellectualy it is superfluous because the same Board is working for SSC and HSC with the similar pattern of examination and system of assessment etc. In XI there are unit test and avarage marks system which has been in Schools also. Hence psychologically the students consider themselves still in the school atmosphere and not college going students. Therefore, there is also an obvious impact on the pattern of their behaviour. Hence it is spychologically an ill advised system. The bifurcation of teaching as against the integrated teaching in Maharashtra has been another blunder of dividing the teachers of same qualification and some nature of task of teaching into Junior College teachers and degree college teachers. This has given a serious set back to teachers in the Junior College, since along with this bifurcation there is a difference in their salary scales and service terms and conditions when compared to degree colleges. There is no justification in this, that the teachers having same qualification and with the same nature of job should draw different salaries and have different service conditions. The ills of this can be removed only if there is integrated teaching in Junior College and degree college. Hence this seems to be structurally an unwarrent introduction as a system of education. This has kept the teachers and students both in an unhappy complex of mind. The students consider that even though they have finished their school education they have to again read in STD XI and XII in a school way under the ssme authority, i. e. SSC/HSC Board. The teachers think that they are denied of the opportunity of teaching their own students after XII in the College. This creates a sort of frustration as well as a sense of material loss in the matters of salaries and service conditions.

All these situations created by our Education bureaucracies have further multiplied the ills of education for which the poor teacher alone is blamed.

Toremove these ills of the education and solve the problems of our education the following suggestions can be made.

SUGGESTIONS:

(1) Introduce the integrated teaching in Junior and degree college and reneme the + 2 stage instead of STD XI & STD XII and HSC let their be some inspiring and non-graceful name.

(2) Create a separate authority at + 2 stage or merge it with the universities in respective States.

(3) Allow the same scale of pay and same service conditions to teachers in Junior and pegree college.

(4) Reform the education bureaucrecy and introduc some efficient machenism for handling teachers salaries, promotions, pensions and retirement benefit etc

(5) Give the teachers respectable and due place in the society by giving them facilities like concessional travelling including local travels, medical allowance at a flat rate (not reimbursement system) and also travelling allowance at flat rate to enable them to have rest and peaceful life away from their usual residence during the vacation by granting them also reservation

# എ.കെ.പി.സി.ടി.എ.

CIR 14/87-88

സംസ്ഥാനക്കമ്മററി ഓഫീസ്
28/406, അംബുജവിലാസം റോഡ്
തിരുവനന്തപുരം-1 Tel. 78177

18-1-1988.

എല്ലാ ബ്രാഞ്ചുകൾക്കും

സുഹൃത്തേ,

1987 ഡിസമ്പർ 12ന് കോട്ടയത്തുചേർന്ന സംസ്ഥാനകമ്മററിയുടേയും 3-1-1988ന് എറണാകുളത്തുചേർന്ന പ്രവർത്തകസമിതിയുടെയും തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

യോഗങ്ങളിൽ പ്രസിഡൻറ് പ്രൊഫസർ വി. നാരായണൻകുട്ടി അധ്യക്ഷതവഹിച്ചു.

സംഘടനയുടെ സംസ്ഥാനസമ്മേളനം 1988 മാർച്ച് 11, 12, 13 തീയതികളിൽ തൃശൂരിൽ വച്ച് നടത്താൻ നിശ്ചയിച്ചു. പാലക്കാട് തൃശൂർ ജില്ലകൾ യോജിച്ചായിരിക്കും സമ്മേളനത്തിന് ആതിഥേയത്വം വഹിക്കുന്നത്. ഈ ജില്ലകളിലെ മുഴുവൻ മെമ്പർമാരും 25 ക. വീതം കൊടുത്ത് സ്വാഗതസംഘാംഗങ്ങളായി രജിസ്ററർചെയ്യേണ്ടതാണ്. ബാക്കി ജില്ലകളിൽ മെമ്പർ ഒന്നുക്ക് പത്തുരൂപാവീതം പിരിച്ചെടുക്കാൻ ജില്ലാ കൗൺസിലുകളോടഭ്യർത്ഥിച്ചു. ഇതു സംബന്ധിച്ചുള്ള കൂപ്പണുകൾ ജില്ലാ സെക്രട്ടറിമാരെ ഏൽപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. കൂപ്പൺ വില്പനയുടെ 20% ബ്രാഞ്ചുകൾക്കുള്ള കമ്മീഷനായി അനുവദിക്കുന്നതാണ്. സംസ്ഥാനസമ്മേളന നടത്തിപ്പ് വിജയകരമാക്കുന്നതിന് ജനുവരി 29ന് സ്വാഗതസംഘം വിളിക്കാൻ പ്രൊഫ: എം. സലീമിനേയും പ്രൊഫ. എ. എം. കൃഷ്ണനേയും ചുമതലപ്പെടുത്തി.

വെൽഫയർട്രസ്ററിൻെറ സ്ഥിതി വീണ്ടും ബുദ്ധിമുട്ടിലാണ്. കഴിഞ്ഞ രണ്ടുവർഷമായി നമ്മുടെ ഒരു ഡസനിലധികം അംഗങ്ങൾ അകാലനിര്യാണത്തിനിരയായി. സംഘടന വെൽഫയർ ട്രസ്റ്റിലേക്ക് ഇതുവരെ 1,90,000ക അഡ്വാൻസ് ചെയ്തിട്ടാണ് 1986 വരെയുള്ള ബാധ്യത തീർത്തത്. ട്രസ്ററിൽ നിന്നും സഹായം ലഭിക്കാനുള്ള ഗുണഭോക്താക്കളെ രണ്ടുവർഷത്തിൽ കൂടുതൽ കാലം കാത്തിരിക്കാൻ ആവശ്യപ്പെടുന്നത് അനുചിതമായിരിക്കും. ഒരാണ്ടിൽ പലിശ ഇനത്തിൽ ട്രസ്ററിന് ലഭിക്കുന്നതു രണ്ടാൾക്ക് കൊടുക്കാൻ മാത്രമാണെന്തിക്കയുക. ആ നിലക്ക് ട്രസ്ററിൻെറ ബാധ്യത നിർവഹിക്കാൻ മുൻകാലങ്ങളിൽ ചെയ്തതുപോലെ നമ്മുടെ ജേർണലിൻെറ ഒരു വിശേഷാൽ പതിപ്പ് ഇറക്കുകയും അതിലേക്ക് പരസ്യം ശേഖരിക്കുകയും ചെയ്യാൻതീരുമാനിച്ചു. പരസ്യം വാങ്ങുന്നതിനുള്ള ബ്രോഷർ എല്ലാ ബ്രാഞ്ചുകളിലും എത്തിച്ചുകഴിഞ്ഞിട്ടുണ്ട്.

---

of quots for seats in the trains and buses etc.

(6) Give the housing facilities to the teachers at top priority basis.

(7) Consolidate all the executive rules and introduce a set of separate rules such as "Education Service Rules" so that a teacher can rely on certain set of rules with confidence and sense of secuilty. All other employees in Central or State do have their own sets of rules e. g. Central Service Regulations (C. S. R.), Bombay Civil Service Regulations (BSSR) etc. same way for personnel in the field of education must have their own sets of rules and regulations etc.

I hope, if the above suggestions are made to Govt. and if they are accepted, much of the ills of education can be cured.

ബ്രാഞ്ചൊന്നിന് ഒരു പരസ്യമെങ്കിലും ഏർപ്പാടാക്കി അയക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പിരിഞ്ഞുകിട്ടുന്ന പരസ്യക്കൂലിയുടെ 20% ബ്രാഞ്ചുകൾക്ക് കമ്മീഷനായി അനുവദിക്കുന്നതാണ്.

സ്റ്റേററ് കമ്മിററി യോഗത്തിൽനിന്നും ലഭിച്ച പ്രോൽസാഹനത്തിൻെറ അടിസ്ഥാനത്തിൽ ഡയറി പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചു. ജനുവരി 5-നുമുമ്പുതന്നെ ഡയറി എല്ലാ ജില്ലാ കേന്ദ്രങ്ങളിലും എത്തിച്ചിട്ടുണ്ട്. ഇനിയും വാങ്ങിയിട്ടില്ലാത്ത ബ്രാഞ്ചുകൾ അഡ്വാൻസ് കഴിച്ചുള്ള ബാക്കി സംഖ്യ കൊടുത്ത് ഡയറികൾ ജില്ലാ സെക്രട്ടറിമാരിൽനിന്നും വാങ്ങേണ്ടതാണ്.

സർവകലാശാല സമിതികളിലേക്കുള്ള തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളായി പരിഗണിക്കാനുള്ളവരുടെ ലിസ്ററ് ജനുവരി 7-ന് മുമ്പ് ലഭിക്കണമെന്നു കാണിച്ച് സർക്കുലർ അയച്ചു. എങ്കിലും ചില ബ്രാഞ്ചുകൾ ഇതുവരെയും അയച്ചുതന്നിട്ടില്ല. ഇനിയും അയക്കാത്തവർ 25നു മുമ്പ് അതത് മേഖലയിലെ സെക്രട്ടറിമാർക്ക് എത്തിക്കേണ്ടതാണ്. ജനുവരി 28-ന് കൂടുന്ന സബ് കമ്മിററിയും 29ന് ചേരുന്ന വർക്കിംഗ് കമ്മിററിയും ഇക്കാര്യത്തിൽ അന്തിമതീരുമാനം എടുക്കുന്നതാണ്.

1987 ഡിസംബർ 27-28 തീയതികളിൽ ബറോഡയിൽവച്ചു നടന്ന അയ്ഫക്ടോകോൺഫറൻസിൽ പങ്കെടുക്കുന്നതിന് പ്രസിഡൻറ് പ്രൊഫ. വി. നാരായണൻകുട്ടി, വൈസ് പ്രസിഡൻറ് പ്രൊഫ എം. സി. ചാക്കോ, ജനറൽ സെക്രട്ടറി പ്രൊഫ. നരേന്ദ്രൻ, സംസ്ഥാന സെക്രട്ടറി പ്രൊഫ. ബി. രാധാകൃഷ്ണൻ, തിരുവനന്തപുരം ജില്ലാ സെക്രട്ടറി പ്രൊഫ. ടി. എൻ. രാമൻപിള്ള, തൃശൂർ ജില്ലാ സെക്രട്ടറി പ്രൊഫ. എ. എം. കൃഷ്ണൻ എന്നിവരെ നിയോഗിച്ചു. സമ്മേളനത്തിൻെറ വിശദ റിപ്പോർട്ട് നമ്മുടെ ജേർണലിൻെറ ജനുവരി ലക്കത്തിൽ ചേർത്തിട്ടുണ്ട്.

അഖിലേന്ത്യാ സമരത്തെ തുടർന്നുണ്ടായ ഒത്തുതീർപ്പ് വ്യവസ്ഥ ഇനിയും പാലിക്കപ്പെട്ടിട്ടില്ല. കേന്ദ്ര സർക്കാരും യു ജി. സി.യും ഇക്കാര്യത്തിൽ ഒളിച്ചുകളിയാണ് നടത്തിക്കൊണ്ടിരിക്കുന്നത്. തുടർന്ന് നടത്തേണ്ട സമരങ്ങളുടെ തുടക്കം കുറിച്ചുകൊണ്ട് ജനുവരി 18ന് ശാസ്ത്രിഭവനു മുമ്പാകെ നടക്കുന്ന കൂട്ടധർണയ്ക്ക് എ. കെ. പി. സി. ടി. എ. പ്രതിനിധികളായി പ്രൊഫ. എ. എം. കൃഷ്ണൻ (എസ്. എൻ. കോളേജ്, നാട്ടിക), ശ്രീ. വിവേകാനന്ദൻ (എസ്. എൻ. കോളേജ്, വർക്കല) എന്നിവരെ നിയോഗിച്ചു. തുടർന്ന് ജനുവരി 27ന് മദ്രാസിൽ നടക്കുന്ന അറസ്ററ് വരിക്കൽ പരിപാടിക്ക് പ്രസിഡൻറും ജനറൽ സെക്രട്ടറിയും പങ്കെടുക്കേണ്ടതാണെന്ന് തീരുമാനിച്ചു.

പല പ്രാവശ്യം ആവർത്തിച്ചാവശ്യപ്പെട്ടിട്ടും ചില ബ്രാഞ്ചുകളിൽ നിന്ന് ആക്ഷൻ ഫണ്ട് ഇനിയും ലഭിച്ചിട്ടില്ല. അതുപോലെതന്നെ ചില ബ്രാഞ്ചുകൾ മെമ്പർഷിപ്പ് 20 ക പ്രകാരമാണ് അയച്ചിട്ടുള്ളത്. മെമ്പർഷിപ്പ് അടക്കാനുള്ള അവസാനതീയതി ജനുവരി 31 ആണ്. അതിനുമുമ്പ് മുഴുവൻ മെമ്പർഷിപ്പും (30ക പ്രകാരം) തീർത്തടയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ബ്രാഞ്ച് തെരഞ്ഞെടുപ്പുകൾ ഫെബ്രുവരിയിൽ തന്നെ നടത്തേണ്ടതുണ്ട്. ആക്ഷൻഫണ്ട് ഇതുവരെയും തരാത്തവർ അതും ട്രഷറർക്ക് എത്തിച്ചുകൊടുക്കേണ്ടതാണ്.

അധ്യാപകരുടെ സേവനസ്ഥിരതയെ പ്രതികൂലമായി ബാധിക്കുന്ന തരത്തിൽ കേരളകാലിക്കട്ട് സർവകലാശാലാനിയമങ്ങളിലെ 57 (6) 60 (5) എന്നീവകുപ്പുകൾക്ക് (ഗാന്ധിജിസർവകലാശാലാ നിയമത്തിലെ 59 (6); 62 (5) ) കോടതിവിധിമൂലം ഉണ്ടായിരിക്കുന്ന ന്യൂനത പരിഹരിക്കാനാവശ്യമായ നിയമഭേദഗതി ഓർഡിനൻസായി പ്രഖ്യാപിക്കണംമെന്നുള്ള നമ്മുടെ ആവശ്യം ഇനിയും പരിഗണിക്കപ്പെടാത്തതിൽ സംസ്ഥാനക്കമ്മിററി ഉൽക്കണ്ഠരേഖപ്പെടുത്തി. നിയമഭേദഗതി ഓർഡിനൻസായി പ്രഖ്യാപിക്കണമെന്ന് ഒരു പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു.

സംസ്ഥാനത്തെ മറെറല്ലാ ജീവനക്കാർക്കും മെഡിക്കൽലീവ് സർവീസായി പരിഗണിക്കപ്പെടുമ്പോൾ സ്വകാര്യകോളേജധ്യാപകർക്ക്

(ശേഷം 29-ാം പേജിൽ)

## ഓപ്ഷൻ തീയതി നീട്ടി

GOVERNMENT OF KERALA

Abstract

Pay Revision 1983—Exercise of option in pursuance of the Orders on Pay Revision-Further Extension of time-Orders issued.

FINANCE (PRC) DEPARTMENT

G. O. (P) No. 737 87/(162)/Fin.
Dated, Trivandrum, 17th September, 1987.

Read:- 1. G. O. (P) 515/85/Fin. dated 16-9-1985
2. G. O. (P) 74/86/(13) Fin. dated 17-1-1986
3. G. O. (P) 227/86/(42)/Fin. dated 15-3-1986
4. G. O. (P) 707/86/(104)Fin. dated 18-10-1986
5. G. O. (P) 178/87/(135)Fin. dated 3-3-1987

ORDER

